പത്രക്കുറിപ്പ്
03.12.2018

# കലയും സംസ്കാരവും കൈകോർക്കുന്ന കൊച്ചി മുസിരിസ് ബിനാലെയിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി തിളങ്ങാൻ കുടുംബശ്രീയും: ധാരണാപത്രം ഒപ്പു വച്ചു

ബിനാലെ നടക്കുന്ന മൂന്നു മാസവും കഫേ കുടുംബശ്രീയുടെ ഫുഡ് കോർട്ട്, ഉൽപന്ന പ്രദർശന വിപണനം
കുടുംബശ്രീ യൂണിറ്റുകൾ കരകൗശല ഉൽപന്നങ്ങൾ നിർമിക്കുന്നത് നേരിൽ കാണാൻ അവസരം
കൂടാതെ വനിതകൾക്കായി ചിത്രരചനാ ക്യാമ്പ്, സെമിനാറുകൾ,

തിരുവനന്തപുരം: കലയും സംസ്കാരവും വിദ്യയും സമന്വയിക്കുന്ന നാലാമത് കൊച്ചി മുസിരിസ് ബിനാലെയിൽ സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി തിളങ്ങാൻ കുടുംബശ്രീയും. നേതൃത്വം വഹിക്കുന്നത് മുതൽ ശ്രദ്ധേയമായ എല്ലാ പരിപാടികളിലും വിവിധ മേഖലകളിൽ നിന്നുള്ള പ്രമുഖരായ സ്ത്രീകളുടെ സാന്നിധ്യമാണ് ഈ വർഷത്തെ മുസിരിസ് ബിനാലെയുടെ പ്രത്യേകത. ഡിസംബർ 12 മുതൽ മാർച്ച് 31 വരെയാണ് ബിനാലെ സംഘടിപ്പിക്കുന്നത്. ബിനാലെയിൽ കുടുംബശ്രീ പ്രമുഖ പങ്കാളിത്തം വഹിക്കുന്നത് സംബന്ധിച്ച ധാരണാപത്രം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ, മുസിരിസ് ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി എന്നിവർ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി എ.സി. മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ചു.

കല, സംസ്കാരം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ഏറെ പ്രോത്സാഹനം നൽകുന്ന കൊച്ചി ബിനാലെയും കുടുംബശ്രീയും തമ്മിൽ പരസ്പര സംയോജനവും വിജ്ഞാനം പങ്കുവയ്ക്കലുമാണ് മൂന്നു മാസം നീണ്ടു നിൽക്കുന്ന ബിനാലെയിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞ ഇരുപത് വർഷങ്ങളിലെ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സ്ത്രീകൾക്ക് ജനാധിപത്യ സംവിധാനത്തിലും സമൂഹത്തിന്റെ മുഖ്യധാരയിലും തങ്ങളുടേതായ ഇടം കണ്ടെത്താൻ സഹായിക്കുകയും സാധാരണക്കാരായ സ്ത്രീകളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തതിലൂടെ സ്ത്രീശാക്തീകരണത്തിന് മികച്ച സംഭവാനകൾ നൽകിയ പ്രസ്ഥാനമെന്ന നിലയ്ക്കാണ് ഇത്തവണ കൊച്ചി മുസിരിസ് ബിനാലെയിൽ പങ്കാളിത്തം വഹിക്കാനുള്ള അവസരം കുടുംബശ്രീക്ക് ലഭിച്ചത്.

ബിനാലെ നടക്കുന്ന തൊണ്ണൂറു ദിവസങ്ങളിലും മുഖ്യവേദികളിലൊന്നായ കബ്രാൽ യാർഡിൽ തിരുവിതാംകൂർ-കൊച്ചി-മലബാർ മേഖലയിലെ രുചിവൈവിധ്യങ്ങൾ ആസ്വദിക്കാനുള്ള അവസരമൊരുക്കി കഫേ കുടുംബശ്രീ വനിതകളുടെ ഫുഡ്കോർട്ട് സംഘടിപ്പിക്കുന്നുണ്ട്. കുടുംബശ്രീയുടെ കീഴിലുള്ള ഇരുപതോളം യൂണിറ്റുകളാണ് ഇതിൽ പങ്കെടുക്കുക. കഫേ കുടുംബശ്രീ ഫുഡ് കോർട്ടിൽ വിപണനത്തെ സഹായിക്കുന്നതിനുള്ള ആവശ്യമായ പിന്തുണ ബിനാലെ നൽകും. ഇതോടൊപ്പം സന്ദർശകർക്ക് കുടുംബശ്രീ ഉൽപന്നങ്ങൾ കാണുന്നതിനും വാങ്ങുന്നതിനും അവസരമൊരുക്കി കുടുംബശ്രീ സൂക്ഷ്മസംരംഭകർ നിർമിക്കുന്ന പന്ത്രണ്ടോളം വ്യത്യസ്ത ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുന്നുണ്ട്. പരമ്പരാഗത കരകൗശല രംഗത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ വനിതകൾ ഉൽപന്നങ്ങൾ നിർമിക്കുന്നതു നേരിട്ടു കാണുന്നതിനുള്ള അവസരവും പ്രമുഖ വേദിയിൽ ലഭിക്കും. മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, കളിമൺ പാത്ര നിർമാണം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരായിരിക്കും ഇതിനായി എത്തുക. ഇവർ നിർമിക്കുന്ന ഉൽപന്നങ്ങൾ കൂടുതൽ കലാമൂല്യമുള്ളതാക്കി മാറ്റുന്നതിനായി ചിത്രകലാ- പെയിന്റിങ്ങ് രംഗത്തെ നിരവധി കലാകാരൻമാരും ഇവർക്കൊപ്പം അണിനിരക്കും. എല്ലാ ദിവസങ്ങളിലും കുടുംബശ്രീയെ കുറിച്ചുള്ള വീഡിയോയും ബിനാലെയിൽ പ്രദർശിപ്പിക്കും. കൂടാതെ കുടുംബശ്രീ ജെൻഡർ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ത്രീശാക്തീകരണം വിഷയമാക്കി സെമിനാർ സംഘടിപ്പിക്കും. കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പായ രംഗശ്രീയിലെ കലാകാരികൾ ബിനാലെയുടെ വേദിയിൽ നാടകവും അവതരിപ്പിക്കുന്നുണ്ട്. ബിനാലെയിൽ കുടുംബശ്രീയുടെ പങ്കാളിത്തം

വർധിപ്പിക്കുന്നതിന്റെ ഭാഗമായി 1072 സി.ഡി.എസ് ചെയർപേഴ്സൺമാരെയും ബിനാലെയിൽ പങ്കെടുപ്പിക്കുന്നതിനായി ലക്ഷ്യമിടുന്നു.

കഴിഞ്ഞ വർഷം കൊച്ചി ബിനാലെയും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിച്ച ചിത്രകലാ പരിശീലന കളരി 'വരയുടെ പെൺമ' ഇത്തവണയും ഇവർക്കായി അരങ്ങേറുന്നു എന്ന പ്രത്യേകതയുമുണ്ട്. ചിത്രകലയിൽ ഏറെ കഴിവുകളുണ്ടായിട്ടും പല കാരണങ്ങൾ കൊണ്ടും അത് പ്രകടിപ്പിക്കാൻ അവസരം ലഭിക്കാതെ പോകുന്ന കുടുംബശ്രീ വനിതകൾക്ക് ചിത്രകലാ വിദഗ്ധരുടെ കീഴിൽ നവീന രീതികൾ പരിശീലിക്കാനും ഈ രംഗത്തെ പ്രമുഖരുമായി പരിചയപ്പെടാനും ബിനാലെ വഴിയൊരുക്കും. ഇതിനായി എല്ലാ ജില്ലകളിൽ നിന്നുമായി ചിത്രരചനയിൽ താൽപര്യമുള്ള നൂറോളം വനിതകളെ തിരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ വിജയം കൈവരിച്ച സ്ത്രീകളെ ഉൾപ്പെടുത്തി സെമിനാറുകളും സംഘടിപ്പിക്കും.

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.പി.അനിൽ, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി സന്തോഷ് കുമാർ. എസ്, കൊച്ചിൻ ബിനാലെ ഫൗണ്ടേഷൻ സെക്രട്ടറി വി.സുനിൽ, ട്രഷറർ ബോണി തോമസ്, ഡെവലപ്മെന്റ് ഓഫീസർ എസ്.രാജേന്ദ്രൻ നായർ, കുടുംബശ്രീ സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ പ്രിയ.ഇ എന്നിവർ ധാരണാപത്രം ഒപ്പു വയ്ക്കുന്ന ചടങ്ങിൽ പങ്കെടുത്തു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ